(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിന് പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്ര;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ വർഷവും ടാർ വാങ്ങുന്നതിന് നീക്കിവച്ച തുക എത്രവീതം എന്ന് വ്യക്തമാക്കാമോ;

(സി) ടാർ വാങ്ങാൻ ചെലവാക്കുന്ന തുക ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് നീക്കിവച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തിയാണോ ചെലവാക്കുന്നത്;

(ഡി) 1996 ന് മുൻപ് ടാർ വാങ്ങുന്നതിന് റിഫൈനറിക്ക് തുക നൽകിയിരുന്നത് ബജറ്റ് വിഹിതത്തിന് പുറമെ ആയിരുന്നുവെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 1996-ന് ശേഷം 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ടാർ വാങ്ങുന്നതിന് ചെലവാക്കിയ തുക പ്രത്യേകമായി വകയിരുത്താത്തതു മൂലം പൊതുമരാമത്ത് പ്രവർത്തനങ്ങളെ ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ 3 വർഷങ്ങളിൽ ടാർ വാങ്ങിയ തുകയും ഈ വർഷം ടാർ വാങ്ങുന്നതിന് വേണ്ടി വരുന്ന തുകയും പ്രത്യേകമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999-2000-ാം മാണ്ടിലെ ബജറ്റിൽ പദ്ധതിയിനത്തിൽ 108.29 കോടി രൂപയും ഒന്നാമത്തേയും രണ്ടാമത്തേയും ഉപധനാഭ്യർത്ഥനകളിൽ 76.65 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ വഴി 26.81 കോടി രൂപയും (ആകെ 211.75 കോടി രൂപ) ഈ ആവശ്യത്തിന് നീക്കിവച്ചിട്ടുണ്ട്.

(ബി) 96-97 ൽ 37.22 കോടി രൂപ

97-98 ൽ 33.50 കോടി രൂപ

98-99 ൽ 35.95 കോടി രൂപ വീതം ടാർ വാങ്ങുന്നതിന് ചെലവായി.

(സി) 1999-2000 മാണ്ടത്തെ 3054-80-800 എന്ന പദ്ധതിയിതരയിനത്തിൽ ടാർ വാങ്ങുന്നതിന് ആവശ്യമായ തുകയും കൂടി ഉൾപ്പെടുത്തിയാണ് തുക വകകൊള്ളിച്ചിരിക്കുന്നത്.

(ഡി) ബജറ്റ് വിഹിതത്തിന് പുറമേ ആയിരുന്നില്ല.

(ഇ) ഇല്ല

(എഫ്) ഇല്ല.

9 (319) ഗവൺമെന്റ് ഗ്യാരന്റി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പാലോട് രവി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എന്തു തുകയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകിയിരുന്നു;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ ധനകാര്യ വർഷവും എന്തു തുകയ്ക്ക് വീതം ഗവൺമെന്റ് ഗ്യാരന്റി നൽകി എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ധനകാര്യ വർഷം ഇതുവരെ എന്തു തുകയ്ക്ക് ഗവൺമെൻറ് ഗ്യാരന്റി നിന്നിട്ടുണ്ട്?

ഉത്തരം

(എ) 5167.48 കോടി രൂപയ്ക്ക്

(ബി) 1) 1996-97 ൽ 700.34 കോടി രൂപയ്ക്ക്

2) 1997-98 ൽ 789.07 കോടി രൂപയ്ക്ക്

3) 1998-99 ൽ 2421.27 കോടി രൂപയ്ക്ക്

(സി) ഈ ധനകാര്യ വർഷം 15.2.2000 വരെ 2061.17 കോടി രൂപയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ടുണ്ട്.

10 (320) ടൂറിസ്റ്റ് ബസ്സുകളിലെ ചരക്കു കടത്തൽ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ നിന്ന് ദിവസേന കോഴിക്കോട്ടേയ്ക്കും കേരളത്തിലെ മറ്റു നഗരങ്ങളിലേയ്ക്കും മുത്തങ്ങ ചെക്ക്പോസ്റ്റുവഴിയും കോയമ്പത്തൂർ നിന്ന് വാളയാർ ചെക്ക്പോസ്റ്റുവഴിയും കേരളത്തിലേയ്ക്ക് ദിവസേന സർവ്വീസ് നടത്തുന്ന നൂറു കണക്കിന് ടൂറിസ്റ്റ് ബസ്സുകൾ യാത്രക്കാരെ കൊണ്ടുപോകുന്നതിനേക്കാൾ ചരക്കു കടത്തുവാനാണ് ഉപയോഗിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ലോറിയിൽ കൊള്ളുന്നതിനേക്കാൾ കൂടുതൽ സാധനങ്ങൾ ഈ ബസ്സുകളിൽ കയറ്റിവരുന്നതുമൂലം സർക്കാരിന് കിട്ടേണ്ട നികുതിയിൽ വൻതോതിൽ ചോർച്ച വരുത്തുന്ന വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂറിസ്റ്റ് ബസ്സുടമകളും ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥരും തമ്മിലുള്ള ഇടപാടുകളുടെ ഫലമായി ഈ ബസ്സുകളിലൂടെ കടത്തിക്കൊണ്ടുവരുന്ന ചരക്കുകൾ പരിശോധിക്കപ്പെടാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതികൊടുത്തുകൊണ്ടുവരേണ്ട സാധനങ്ങളാണ് ഇപ്രകാരം കള്ളക്കടത്തു നടത്തുന്നത് എന്ന കാര്യം സർക്കാർ ഗൗരവമായി കാണുമോ;

(ഇ) ചെക്ക്പോസ്റ്റുവഴിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും ചെക്ക് പോസ്റ്റുകളിലെ വ്യാപകമായ അഴിമതിയും കൈക്കൂലിയും തടയുന്നതിനും സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യാത്രാബസ്സുകളിൽ ചരക്കു കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിന്റെ അതിർത്തിയിലുള്ള വാളയാർ ബംഗീരാ-മഞ്ചേശ്വർ, മുത്തങ്ങ, അമരവിള, ആര്യങ്കാവ് മുതലായ മുഖ്യ ചെക്ക്പോസ്റ്റുകളിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly